**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** **17-03-2022 - ൽ മറുപടിയ്ക്ക്**

**അധിക വിഭവ സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും പുതുതായി നികുതികൾ ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എത്ര തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണലക്ഷ്യവും വിശദമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും അധിക വിഭവ സമാഹരണത്തിലൂടെയും തനത് നികുതിയിനത്തിലൂടെയും പ്രതീക്ഷിച്ചിരുന്നതും, ലഭ്യമായതുമായ തുകയുടെ വിശദാംശങ്ങളും അധിക വിഭവ സമാഹരണമുൾപ്പെടെ തനതു നികുതിയിൽ ഓരോ ഇനത്തിലും ലഭ്യമായ തുകയുടെ വിശദാംശങ്ങളും പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. നോട്ടു നിരോധനം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ പാളിച്ചകൾ, തുടർച്ചയായ കാലവർഷക്കെടുതികളും പ്രളയവും മഹാമാരിയായ കോവിഡ്-19 ന്റെ വ്യാപനം എന്നിവ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാന ലക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും എത്ര തുക സമാഹരിക്കപ്പെട്ടു എന്ന വിശദവിവരം നൽകാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും അധിക വിഭവ സമാഹരണത്തിലൂടെയും തനത് നികുതിയിനത്തിലൂടെയും പ്രതീക്ഷിച്ചിരുന്നതും, ലഭ്യമായതുമായ തുകയുടെ വിശദാംശങ്ങളും അധിക വിഭവ സമാഹരണമുൾപ്പെടെ തനതു നികുതിയിൽ ഓരോ ഇനത്തിലും ലഭ്യമായ തുകയുടെ വിശദാംശങ്ങളും പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. നോട്ടു നിരോധനം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ പാളിച്ചകൾ, തുടർച്ചയായ കാലവർഷക്കെടുതികളും പ്രളയവും മഹാമാരിയായ കോവിഡ്-19 ന്റെ വ്യാപനം എന്നിവ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാന ലക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ബഡ്ജറ്റിൽ തുക വകയിരുത്താത്തതും എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ പദ്ധതികളുടെ തുക | (സി) | ബജറ്റിൽ തുക വകയിരുത്താത്തതും എന്നാൽ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ പദ്ധതികൾക്ക് ഉപധനാഭ്യർത്ഥന വഴിയാണ് തുക വകയിരുത്തി വരുന്നത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയും |

| | | | |
|---|---|---|---|
| | തമ്മിലുള്ള വ്യത്യാസം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ; പ്രസ്തുത വ്യത്യാസം പരിഹരിക്കാനാവശ്യമായ വിഭവസമാഹരണം കണ്ടെത്താൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കാമോ? | | പദ്ധതികളുടെ മുൻഗണനയും കണക്കിലെടുത്താണ് ഇത്തരത്തിലുള്ള ഓരോ പദ്ധതികൾക്കും തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പട്ടിക - I

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| സംസ്ഥാനത്തിന്റെ തനതു നികുതി യിനത്തിൽ പ്രതീക്ഷിച്ച തുക | 47613.61 | 53411.49 | 58588.44 | 65784.6 | 67420.01 | 71833.28 |
| അധിക വിഭവ സമാഹരണത്തിലടെ പ്രതീക്ഷിച്ച തുക | 805 | 0 | 970.4 | 1785 | 1103 | 0 |
| സംസ്ഥാനത്തിന്റെ തനതു നികുതി യിനത്തിൽ വിഭവ സമാഹരണം ഉൾപ്പെടെ പ്രതീക്ഷിച്ച തുക | 48418.61 | 53411.49 | 59558.84 | 67569.6 | 68523.01 | 71833.28 |
| സംസ്ഥാനത്തിന്റെ തനതു നികുതി യിനത്തിൽ വിഭവ സമാഹരണം ഉൾപ്പെടെ ലഭ്യമായ തുക | 42176.38 | 46459.61 | 50644.1 | 50323.14 | 47660.84 | 45044.11* |

* അക്കൌണ്ടന്റ് ജനറലിന്റെ 2021-22 ജനുവരി വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം

## പട്ടിക - II

| സാമ്പത്തിക വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22* |
|---|---|---|---|---|---|---|
| സംസ്ഥാന ചരക്ക് സേവന നികുതി | | 12007.69 | 21014.71 | 20446.95 | 20028.31 | 19028.88 |
| കാർഷികാദായ നികുതി | 2.37 | 2.85 | 0.7 | 0.84 | 0.5 | 0.37 |
| ഭൂനികുതി | 124.15 | 162.16 | 202.78 | 332.42 | 493.35 | 371.31 |
| മുദ്ര പത്രങ്ങളും റജിസ്ട്രേഷൻ ഫീസും | 3006.59 | 3452.56 | 3693.17 | 3615.01 | 3489.59 | 3690.94 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതി | 159.19 | 186.79 | 177.04 | 194.63 | 138.29 | 116.70 |
| സ്റ്റേറ്റ് എക്സൈസ് | 2019.3 | 2240.42 | 2521.4 | 2255.28 | 2329.22 | 1638.51 |
| വില്പന നികുതിയും വാറ്റും | 33453.49 | 24577.81 | 19225.75 | 19649.64 | 17689.17 | 16886.92 |
| വാഹന നികുതി | 3107.23 | 3662.85 | 3708.61 | 3721.14 | 3386.28 | 3233.10 |
| ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ | 0.01 | 0 | 0 | 0 | 0 | 0 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 63.3 | 66.87 | 62.38 | 67.92 | 57.34 | 53.86 |
| മറ്റുള്ള നികുതികളും തീരുവകളും | 240.75 | 99.58 | 37.57 | 39.31 | 48.8 | 23.49 |

* അക്കൌണ്ടന്റ് ജനറലിന്റെ 2021-22 ജനുവരി വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം

**സെക്ഷന് ഓഫീസര്**